സ്കൂളുകൾക്ക് കെട്ടിടങ്ങൾ

152 [165] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾക്ക് കെട്ടിടങ്ങളുണ്ടാക്കുന്നതിന് ഇന്നുള്ള പദ്ധതികൾ എന്തൊക്കെയാണ്?

(ബി) ഇതനുസരിച്ച് 1985 മുതൽ 1986 മേയ് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എത്ര കെട്ടിടങ്ങളുണ്ടാക്കിയെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ:

(സി) ഇതിൽ എത്ര സ്കൂളുകൾക്കാണ് കെട്ടിടം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ '477 വിദ്യാഭ്യാസം കലാസംസ്കാരം', എന്നിവയ്ക്കുള്ള മൂലധന ചെലവിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ഒരു മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പണത്തിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്തു വകുപ്പ് പണികൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഇതിനുപുറമെ 1985-86 വർഷത്തിൽ പ്രളയ ദുരിതാശ്വാസ പരിപാടിയിൽ ഉൾപ്പെടുത്തി 262 സ്കൂൾ കെട്ടിടങ്ങളുടെ പണിപൂർത്തിയാക്കിയിട്ടുണ്ട്.

നടപ്പുവർഷത്തിൽ 'ആൻറി ഡിസാസ്റ്റർ ഷെൽട്ടർ' പണിയുന്ന സ്കീമിൽ ഉൾപ്പെടുത്തി 4 ക്ലാസ്സു മുറികൾ ഉള്ള 100 കെട്ടിടങ്ങളുടെ പണി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രളയ ദുരിതാശ്വാസ സ്കീമിൽ 1985-86 വർഷത്തിൽ പണിയുന്ന കെട്ടിടങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

തിരുവനന്തപുരം	31
കൊല്ലം	18
പത്തനംതിട്ട	13
ആലപ്പുഴ	19
കോട്ടയം	21
ഇടുക്കി	28
എറണാകുളം	23
തൃശ്ശൂർ	15
പാലക്കാട്	10
മലപ്പുറം	13
കോഴിക്കോട്	25
വയനാട്	10
കണ്ണൂർ	19
കാസർകോട്	17
ആകെ	262

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻഗണനാപട്ടിക പ്രകാരം പണിപൂർത്തിയാക്കിയതും പണി നടന്നുകൊണ്ടിരിക്കുന്നതും ഒഴിച്ച് 1388 സ്കൂളുകൾക്ക് കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ട്.

പ്രീഡിഗ്രി വിദ്യാഭ്യാസം സെക്കൻററി സ്കൂളുകളിലേക്ക് മാറ്റുമ്പോൾ ആവശ്യമായി വരുന്ന അദ്ധ്യാപകർ

153 [166] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് തലത്തിൽ നടക്കുന്ന പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേക്കു മാറുമ്പോൾ സെക്കൻററി സ്കൂളുകളിൽ ആവശ്യമായി വരുന്ന അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) അവർക്കു ശമ്പളമിനത്തിലും മറ്റും വരുന്ന ചെലവ് എത്ര;

(ഡി) അവർക്ക് സർക്കാർ ഖജനാവിൽ നിന്നാണോ ശമ്പളം നൽകേണ്ടത്;

(ഇ) യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻറെ സഹായം ഇതിനായി ലഭിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി) പ്രീഡിഗ്രി ക്ലാസ്സുകൾ സെക്കൻററി തലത്തിലേയ്ക്ക് മാറ്റുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടില്ല.

(ഇ) പ്രീഡിഗ്രിതല വിദ്യാഭ്യാസത്തിന് യു.ജി.സി. സഹായം ലഭ്യമല്ല.

പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ നടക്കുന്ന സമരം

154 [167] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരെ സമരം എന്നു മുതലാണ് ആരംഭിച്ചത്;

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറിന് സമരത്തിലേർപ്പെട്ടിരിക്കുന്നവർ നിവേദനം എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്;

(ഡി) ബോർഡ് രൂപീകരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഈ നിർദ്ദേശം ഇൻഡ്യയിൽ ഇനി നടപ്പാക്കാത്ത എത്ര സംസ്ഥാനങ്ങൾ ഉണ്ട് എന്ന് പറയാമോ;

(എഫ്) ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly